'ഭരണഭാഷ-മാതൃഭാഷ'

आज़ादी का अमृत महोत्सव

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - ജീവൻരക്ഷാ ക്ലെയിം - വയനാട് സുൽത്താൻ ബത്തേരി കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ ഇൻസ്പെക്ടറായി ജോലി ചെയ്തു വരവെ 06/06/2024 -ന് ഹൃദയസ്തംഭനം മൂലം മരണപ്പെട്ട കൃഷ്ണൻ കുട്ടി എൻ -ന് ഇൻഷ്വറൻസ് ക്ലെയിം തുക നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ്-ഡി) വകുപ്പ്**

**സ.ഉ (സാധാ) നം. 5247/2025/ധന** **തീയതി, തിരുവനന്തപുരം, 18-06-2025**

പരാമർശം :-
1. 23/11/2010 -ലെ സ.ഉ(പി) നം. 616/2010/ധന
2. 18/11/2023 -ലെ സ.ഉ(സാധാ)നം.112/2023/ധന
3. 30/05/2019 തീയതിയിലെ 57/2019/ധന നമ്പർ സർക്കുലർ
4. 17/03/2025 -ലെ ഇൻഷ്വറൻസ് ഡയറക്ടറുടെ ഇൻഷ/ജീവൻരക്ഷ/എം.5/ ഇ.638446 നമ്പർ കത്ത്
5. ശ്രീമതി. സീതാകുമാരി എം ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷ

**ഉത്തരവ്**

വയനാട് സുൽത്താൻ ബത്തേരി കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ ഇൻസ്പെക്ടറായി ജോലി ചെയ്തു വരവെ 06/06/2024 -ന് ഹൃദയസ്തംഭനം മൂലം മരണപ്പെട്ട കൃഷ്ണൻ കുട്ടി -യ്ക്ക് ജീവൻ രക്ഷാ പദ്ധതി പ്രകാരമുള്ള ഇൻഷ്വറൻസ് തുക ലഭിക്കുന്നതിനായി ഇൻഷ്വറൻസ് വകുപ്പിൽ അപേക്ഷ സമർപ്പിച്ചിരുന്നു. കൃഷ്ണൻ കുട്ടി എൻ -ന് എസ്.എൽ.ഐ, ജി.ഐ.എസ് പദ്ധതിയിൽ അംഗത്വം ഇല്ലാതിരുന്ന കാരണത്താൽ പ്രസ്തുത ക്ലെയിം പരാമർശം (4) പ്രകാരം ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർ നിരസിച്ചിരുന്നു. ടി അപേക്ഷ ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർ നിരസിച്ച സാഹചര്യത്തിൽ, ശ്രീമതി. സീതാകുമാരി പരാമർശം (5) പ്രകാരം അപ്പീൽ അപേക്ഷ സർക്കാരിൽ സമർപ്പിച്ചിരുന്നു. തുടർന്ന് പരാമർശം (1) ഉത്തരവ് ഖണ്ഡിക 12 (ഡി) പ്രകാരം ടിയാരിയെ കേൾക്കുന്നതിന് നേരിട്ട് ഹാജരാകുന്നതിന് ടിയാൾക്ക് ശാരീരിക ബുദ്ധിമുട്ടുണ്ടായിരുന്നതിനാൽ ഭർത്താവിന്റെ സഹോദരനായ ശ്രീ. കരുണാകരൻ. വി. എൻ -നേയും, ഇൻഷ്വറൻസ് വകുപ്പിൽ നിന്നുള്ള പ്രതിനിധിയേയും ഉൾപ്പെടുത്തി ധനകാര്യ വകുപ്പ് അണ്ടർ സെക്രട്ടറി ഹിയറിംഗ് നടത്തിയിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം -3 സർക്കുലർ പ്രകാരം കോ- ഓപ്പറേറ്റീവ് സൊസൈറ്റി, എയിഡഡ് സ്ഥാപനങ്ങൾ, പൊതുമേഖല സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ജീവനക്കാർ ജി.പി.എ.ഐ.എസ് പദ്ധതിയിൽ അംഗത്വം ലഭിക്കുന്നതിന് എസ്.എൽ.ഐ, ജി.ഐ.എസ്, പദ്ധതികളിൽ നിർബന്ധമായും അംഗത്വം എടുത്തിരിക്കണമെന്ന വ്യവസ്ഥ 2019 വരെയുള്ള പദ്ധതി കാലയളവിലേയ്ക്ക് ഒഴിവാക്കി നൽകുകയും, എന്നാൽ 2020 മുതൽ ജി.പി.എ.ഐ.എസ് പദ്ധതിയിൽ അംഗത്വം എടുക്കണമെങ്കിൽ ടി സ്ഥാപനങ്ങളിലെ 50 വയസ്സിനു താഴെ പ്രായമുള്ള ജീവനക്കാർ നിർബന്ധമായും എസ്.എൽ.ഐ, ജി.ഐ.എസ് എന്നീ പദ്ധതികളിൽ അംഗത്വം നേടണമെന്നും നിഷ്കർഷിച്ചിരുന്നു. കൃഷ്ണൻ കുട്ടി എൻ 2023 നവംബർ മാസത്തെ ശമ്പളത്തിൽ നിന്നും വരിസംഖ്യ കിഴിവ് നടത്തി ജീവൻരക്ഷാ പദ്ധതിയിൽ ഇൻഷ്വർ ചെയ്തിട്ടുള്ളതാണ്. 2022 -ൽ കൃഷ്ണൻ കുട്ടി -ക്ക് 51 വയസ്സായിരുന്നുവെന്ന (ജനന തീയതി 07/01/1971) ഡെവലപ്മെന്റ് ഓഫീസറുടെ ഫിസിക്കൽ വെരിഫിക്കേഷൻ റിപ്പോർട്ട് പരിശോധിച്ചതിൽ നിന്നും, ടിയാളുടെ ആധാർ കാർഡിന്റെ വിവരങ്ങളിൽ നിന്നും വ്യക്തമാകുന്നു. ആയതിനാൽ 2023 മുതൽ ജീവൻരക്ഷാ പദ്ധതിയിൽ അംഗത്വം ലഭിക്കുന്നതിന് കൃഷ്ണൻ കുട്ടി -ക്ക് എസ്.എൽ.ഐ, ജി.ഐ.എസ് പദ്ധതികളിൽ അംഗത്വം നേടിയിരിക്കണമെന്നത് നിർബന്ധമല്ല. മേൽ സാഹചര്യത്തിൽ. ക്ലെയിം അപേക്ഷയും, അനുബന്ധരേഖകളും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലും, ഹിയറിംഗ് വേളയിൽ ബോധ്യപ്പെട്ട വസ്തുതകളുടെ വെളിച്ചത്തിലും പരാമർശം

(2) ഉത്തരവ് പ്രകാരം സ്വാഭാവിക മരണത്തിന് അനുവദിക്കുന്ന ക്ലെയിം തുകയായ **5,00,000/- രൂപ (അഞ്ച് ലക്ഷം രൂപ മാത്രം)** മരണപ്പെട്ട കൃഷ്ണൻ കുട്ടി -യുടെ അവകാശികൾക്ക് അനുവദിച്ച് ഉത്തരവാകുന്നു.

പ്രസ്തുത ചെലവ് "8011- ഇൻഷ്വറൻസ് ആന്റ് പെൻഷൻ ഫണ്ട് 105-സംസ്ഥാന ഗവൺമെന്റ് ഇൻഷ്വറൻസ് ഫണ്ട്-89-ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി" എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**എൽസി ജോർജ്ജ്**
**അണ്ടർ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം
ഡയറക്ടർ, ട്രഷറി ഡയക്ടറേറ്റ്, പട്ടം, പട്ടം പാലസ് പി.ഒ, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻ വകുപ്പ്
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്, www.finance.kerala.gov.in
ശ്രീമതി. സീതാകുമാരി എം, വലിയകൊല്ലി വീട്, ചൂതുപാറ പി.ഒ, മീനങ്ങാടി വയനാട് - 673 596
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (നം.3064877/എസ്റ്റാ.ഡി3/11/2025/ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ